# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1496 13/06/2014-ൽ മറുപടിയ്ക്ക്

## 'നിറവ്' പദ്ധതി

ചോദ്യം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മലപ്പുറം ജില്ലയിൽ എത്ര മണ്ഡലങ്ങളിൽ 'നിറവ്' പദ്ധതി അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണ്; | എ) മലപ്പുറം ജില്ലയിലെ 8 മണ്ഡലങ്ങൾ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മങ്കട, കൊണ്ടോട്ടി, തിരൂരങ്ങാടി, വണ്ടൂർ, നിലമ്പൂർ, വേങ്ങര, പെരിന്തൽമണ്ണ, പൊന്നാനി എന്നീ നിയോജക മണ്ഡലങ്ങളാണ് പുതുതായി നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) ഏതെല്ലാം മണ്ഡലങ്ങളിൽ പദ്ധതി തുടങ്ങിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | ബി) പുതുതായി ഒരു മണ്ഡലത്തിലും പദ്ധതികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല. കോട്ടയ്ക്കൽ നിറവ് പദ്ധതി തുടങ്ങി. |
| സി) പൊന്നാനി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ; | സി) നിറവ് പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിറവ് മണ്ഡലങ്ങളിലെ പദ്ധതികളെല്ലാം രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആർ.കെ.വി.വൈ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയാണ് പദ്ധതികൾ അംഗീകരിക്കുന്നത്. ഈ വർഷം സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി യോഗം കൂടുന്നതിനുള്ള തീയ്യതി നിശ്ചയിച്ചിട്ടില്ല. കമ്മിറ്റി കൂടി പദ്ധതികൾ അംഗീകരിച്ചതിനു ശേഷം മാത്രമേ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |
| ഡി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ? | ഡി) ആർ.കെ.വി.വൈ യുടെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി യോഗം കൂടി പദ്ധതികൾ അംഗീകരിച്ചതിനു ശേഷം മാത്രമേ പദ്ധതികൾ തുടങ്ങുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ